**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2547** | **12.06.2018 - ൽ മറുപടിക്ക്**

**ഓഖി ദുരന്തവും നിപ വൈറസ് ബാധയും ടൂറിസം മേഖലയിൽ ഉണ്ടാക്കിയ മരവിപ്പ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. വിൻസെന്റ്<br>ശ്രീ. അനിൽ അക്കര<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. കെ. മുരളീധരൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി) |
| എ) സംസ്ഥാനത്ത് ഉണ്ടായ ഓഖി ദുരന്തവും, നിപ വൈറസ് ബാധയും ടൂറിസം മേഖലയിൽ എന്തെല്ലാം പ്രത്യാഘാതങ്ങളാണ് ഉണ്ടാക്കിയിട്ടുള്ളത്; | എ) സംസ്ഥാനമാകെയുള്ള വിനോദ സഞ്ചാരികളുടെ സ്ഥിതിവിവരക്കണക്കുകൾ പരിശോധിച്ചാൽ ഓഖി ചുഴലിക്കാറ്റ് വിനോദ സഞ്ചാര മേഖലയെ ദോഷകരമായി ബാധിച്ചതായി കാണുന്നില്ല.<br>ഓഖി ചുഴലിക്കാറ്റ് കേരളതീരത്തിൽ ബാധിച്ച 2017 നവംബർ, ഡിസംബർ മാസങ്ങളിലെ ആഭ്യന്തര / വിദേശ വിനോദസഞ്ചാരികളുടെ എണ്ണവും മുൻ വർഷത്തെ (2016 നവംബർ, 2016 ഡിസംബർ മാസങ്ങളിലെ) വിനോദസഞ്ചാരികളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ, വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. 2017 നവംബർ, ഡിസംബർ മാസങ്ങളിലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ യഥാക്രമം 18.02% ഉം 16.07% ഉം വർദ്ധനവും, പ്രസ്തുത മാസങ്ങളിലെ വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ യഥാക്രമം 11.31% ഉം 11.48% ഉം |

വർദ്ധനവുമാണ് ഉണ്ടായിട്ടുള്ളത്.

എന്നാൽ ഓഖി ചുഴലിക്കാറ്റ് ഏറ്റവും കൂടുതൽ ബാധിച്ച തിരുവനന്തപുരം ജില്ലയിൽ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 2017 ഡിസംബർ മാസം ഇടിവ് ഉണ്ടായിട്ടുണ്ട്. 2017 ഡിസംബർ മാസത്തിൽ തിരുവനന്തപുരം സന്ദർശിച്ച ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം 2016 ഡിസംബർ മാസത്തെ കണക്കുകളുമായി താരതമ്യപ്പെടുത്തുക യാണെങ്കിൽ 9.17 ശതമാനം കുറവ് ഉണ്ടായതായി കാണാം. എന്നാൽ വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ പ്രസ്തുത മാസത്തിൽ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.

2017 ജനുവരി മുതൽ ഡിസംബർ വരെയുള്ള ആഭ്യന്തര / വിദേശ വിനോദസഞ്ചാരികളുടെ കണക്ക കൾ ആണ് ഇതുവരെ തിട്ടപ്പെടുത്തിയിട്ടുള്ളത്. 2018 ജനുവരി മുതലുള്ള കണക്കുകൾ തിട്ടപ്പെടുത്തിയിട്ടില്ല. നിപ വൈറസ് ബാധ ടൂറിസം മേഖലയിൽ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചതായി കാണുന്നില്ല.

| | | | |
|---|---|---|---|
| ബി) | നിപ വൈറസ് ബാധ യുടെ സാഹചര്യത്തിൽ വിനോദ സഞ്ചാരികളിൽ പലരും കേരളത്തിലേക്കുള്ള യാത്ര റദ്ദ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിനോദ സഞ്ചാരികളുടെ എത്ര ശതമാനം കുറവാണ് ഈ സീസണിൽ ഉണ്ടാകു | ബി) | 2017 ജനുവരി മുതൽ ഡിസംബർ വരെയുള്ള ആഭ്യന്തര / വിദേശ വിനോദസഞ്ചാരികളുടെ കണക്കുകൾ ആണ് ഇതുവരെ തിട്ടപ്പെടുത്തിയിട്ടുള്ളത്. കോഴിക്കോട്, മലപ്പുറം ജില്ലകളിലാണ് നിപ വൈറസ് ബാധ കണ്ടെത്തിയത്. അവിടങ്ങളിൽ നിപ വൈറസ് ബാധ നിയന്ത്രണ വിധേയമാണ്. മാത്രമല്ല, ഈ ജില്ലകളിൽ വിനോദസഞ്ചാര കേന്ദ്രങ്ങൾ താരതമ്യേന കുറവാണ്. എന്നിരുന്നാലും, ചില വിനോദസഞ്ചാരികൾ യാത്ര മാറ്റിവച്ചിട്ടുണ്ടാകാം. വിനോദസഞ്ചാരികളുടെ വരവ് |

| | | | |
|---|---|---|---|
| | ന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ; | | സംബന്ധിച്ച സ്ഥിതി വിവരകണക്ക് തയ്യാറാക്കുമ്പോൾ മാത്രമേ കൃത്യമായ വിവരം ലഭിക്കുകയുള്ളൂ. |
| സി) | ഈ മേഖലയിൽ ഉണ്ടായിട്ടുള്ള മരവിപ്പ് മാറ്റുന്നതിന് യോഗ അംബാസിഡർ ടൂർ പദ്ധതി സംഘടിപ്പിക്കുവാൻ ആലോചിക്കുന്നുണ്ടോ; ആരുടെയൊക്കെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്; | സി) | യോഗ പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി അന്താരാഷ്ട്ര യോഗദിനാചരണത്തോടനുബന്ധിച്ച് യോഗ അംബാസഡർ ടൂർ സംഘടിപ്പിക്കുന്നുണ്ട്. സംസ്ഥാന വിനോദസഞ്ചാര വകുപ്പ്, അസോസിയേഷൻ ഓഫ് ട്രേഡ് ആന്റ് ടൂർ ഓപ്പറേറ്റേഴ്സ് ഓഫ് ഇൻഡ്യ (ATTOI) സഹകരണത്തോടെയും കേന്ദ്ര ആയുഷ് മന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്തോടെയുമാണ് പ്രസ്തുത പരിപാടി സംഘടിപ്പിക്കുക. |
| ഡി) | സംസ്ഥാനത്തെ ടൂറിസം വികസനത്തിന് ഉതകുന്ന രീതിയിൽ ഈ പദ്ധതി ആവിഷ്കരിക്കുന്നതിനും, വിദേശ രാജ്യങ്ങളിൽ ഇതിന് വേണ്ടത്ര പ്രചരണം നൽകുന്നതിനും നടപടി സ്വീകരിക്കുമോ? | ഡി) | യോഗ അംബാസഡർ ടൂർ വഴി എത്തുന്ന നൂറോളം വിദേശ രാജ്യ ടൂറിസ്റ്റുകൾ വഴി സംസ്ഥാനത്തെ ടൂറിസം പ്രചരണം അതാത് രാജ്യങ്ങളിൽ നടപ്പാക്കാൻ കഴിയുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ